**അരുൺ ജെയ്റ്റ്ലി**
**പാർലമെന്റംഗം**
**പ്രതിപക്ഷ നേതാവ് (രാജ്യസഭ)**

**ഡിസംബർ 29, 2013**

പ്രിയ ഡോ.മൻമോഹൻ സിംഗ്ജി,

വീരഭദ്രസിംഗ് ഹിമാചൽപ്രദേശിനെ ഏറ്റവും കൂടുതൽ കാലം സേവിച്ച മുഖ്യമന്ത്രിയാണ്. കോൺഗ്രസ് പാർട്ടിയുടെ മുതിർന്ന നേതാവാണദ്ദേഹം. കഴിഞ്ഞ 15 മാസത്തിനിടെ അദ്ദേഹവുമായി ബന്ധപ്പെട്ട ഒട്ടേറെ അഴിമതിക്കേസുകൾ മാധ്യമങ്ങളിലൂടെ പുറത്തുവന്നു. ഇവയോരോന്നും അഴിമതി നിരോധന ചട്ടത്തിന്റെ കീഴിൽ ഗുരുതരമായ കുറ്റമായി വരുന്നവയാണ്. യുപിഎ സർക്കാർ അന്വേഷണ ഏജൻസികളെ രാഷ്ട്രീയ പ്രതിയോഗികളെ പീഡിപ്പിക്കാനും യുപിഎ അംഗങ്ങളായവർ നിയമലംഘനങ്ങളിൽ പെട്ടാലും അവരെ സംരക്ഷിക്കുന്നതിനും ഉള്ള ഉപകരണമാക്കി മാറ്റിയിരിക്കുന്നുവെന്ന് ഞാൻ ആരോപിക്കുന്നു. ഈ പറഞ്ഞതിനെ ഈ കത്തിലുള്ള വിശദാംശങ്ങൾ വിശദീകരിക്കും.

**കേസ് ഒന്ന്: ഡയറിക്കുറിപ്പ്**

ഇൻകം ടാക്സ് ഉദ്യോഗസ്ഥർ പ്രമുഖരായ ഇസ്പത് ഗ്രൂപ്പ് സ്റ്റീൽ കമ്പനിയുടെ ഓഫീസ് പരിശോധിച്ചപ്പോൾ ചില ഡയറികൾ കണ്ടുകെട്ടി. 2007 നും 2010 നും ഇടക്ക് ചില പ്രമുഖ വ്യക്തികൾക്ക് അവർ പണം കൊടുത്തതായി അതിൽ കണ്ടെത്തി. സ്റ്റീൽ മന്ത്രാലയത്തിലെ മന്ത്രിയുടെ ജീവനക്കാർക്ക് പണം കൊടുത്തതായി അതിൽ പറയുന്നു. സിബിഐയിലെയും എൻഫോഴ്സ്മെന്റിലേയും ജീവനക്കാർക്ക് പണം കൊടുത്തതായും ഡയറിയിലുണ്ട്. ഇതു കൂടാതെ വിബിഎസ് എന്ന പേരിലും എൻട്രികളുണ്ട്. ഈ കാലയളവിൽ സ്റ്റീൽ മന്ത്രാലയത്തിന്റെ ചുമതല വിബിഎസ് എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന വീരഭദ്രസിംഗിനായിരുന്നു. ഈ കേസിൽ സിബിഐയേയും ഇൻകം ടാക്സ് വിഭാഗത്തേയും ചുമതലപ്പെടുത്തി അവർ വിബിഎസ് ആരെന്ന് കണ്ടെത്തുമെന്ന് കരുതുന്നത് അസാധ്യമാണ്. അക്കാലത്തുതന്നെ ഈ വിഷയത്തിൽ ഞാൻ അഭിപ്രായം പറഞ്ഞിട്ടുള്ളതിന്റെ കോപ്പി ഇതോടൊപ്പം വക്കുന്നു.

**കേസ് 2: നിയമപരമല്ലാത്ത പണത്തിന്റെ ഉപയോഗം**

ഹിമാചലിലെ സിംലയിൽ കുറേയേറെ സംഭവങ്ങളുണ്ടായി. ഒരു ആനന്ദ് ചൗഹാൻ പഞ്ചാബ് നാഷണൽ ബാങ്കിൽ 524185–ാം നമ്പരിൽ ഒരക്കൗണ്ട് തുറന്ന് അതിൽ അഞ്ചുകോടി രൂപ പണമായി നിക്ഷേപിച്ചു. ഈ അക്കൗണ്ടിൽ നിന്ന് ചെക്കുവഴി വീരഭദ്രസിംഗിന്റേയും ഭാര്യ പ്രതിഭാ സിംഗിന്റേയും മകളുടേയും മകന്റേയും പേരിൽ എൽഐസി പോളിസികൾ എടുത്തു. ആനന്ദ് ചൗഹാൻ ഈ അക്കൗണ്ട് തുറന്നത് വീരഭദ്രസിംഗിനും കുടുംബാംഗങ്ങൾക്കും വേണ്ടിയാണെന്ന് വ്യക്തമാണ്. ഇക്കാര്യവും ഇൻകം ടാക്സ് വകുപ്പ് അന്വേഷിച്ചുവരികയാണ്. മൂന്ന് സാമ്പത്തിക വർഷങ്ങളിൽ 2009 മാർച്ച്, 2010 മാർച്ച്, 2011 മാർച്ച് എന്നിങ്ങനെ ഇങ്കം ടാക്സ് വകുപ്പിനു സമർപ്പിച്ച പ്രസ്താവനയിൽ വീരഭദ്രസിംഗ് പ്രഖ്യാപിച്ചത് തന്റെ ആപ്പിൽ തോട്ടത്തിൽനിന്നുള്ള വരുമാനം ഏകദേശം യഥാക്രമം ഏഴു ലക്ഷം രൂപയും 15 ലക്ഷവും 25 ലക്ഷവുമാണെന്നാണ്. എന്നാൽ 2008 ജൂൺ 17 ലെ ഒരു കരാർ വഴി വീരഭദ്രസിംഗ് ഈ തോട്ടത്തിന്റെ നടത്തിപ്പ് ബിശംബർദാസ് എന്നയാളിന് കൊടുത്തതായും അദ്ദേഹം പത്തരലക്ഷം രൂപ ഓരോ വർഷവും കൊടുത്തതായും പറയുന്നു. ആനന്ദ് ചൗഹാൻ പണം നിക്ഷേപിച്ചതും അത് എൽഐസി പോളിസികളാക്കി വീരഭദ്രസിംഗിനുവേണ്ടി മാറ്റിയതും വഴി 2012 മാർച്ച് രണ്ടിന് വീർഭദ്രസിംഗ് തന്റെ ഇൻകം ടാക്സ് 6.15 കോടിയായി വർധിച്ചുവെന്ന് രേഖപ്പെടുത്തിയതായും ഏജൻസികൾ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തി. ഇപ്പോൾ അദ്ദേഹം

അവകാശപ്പെടുന്നത് ബിശംബർദാസുമായുള്ള കരാർ മുൻകാല പ്രാബല്യത്തോടെ അപ്രത്യക്ഷമായെന്നും ആനന്ദാണ് പുതിയ കരാറുകാരൻ എന്നുമാണ്. ഇതേക്കുറിച്ച് ഞാനെഴുതിയ ഒരു ലേഖനത്തിന്റെ കോപ്പി ഇതോടൊപ്പം.

**കേസ് 3: സർക്കാർ സഹായിയായ ഒരു വ്യക്തിയിൽനിന്നും താനും കുടുംബവും നേട്ടങ്ങൾ ഉണ്ടാക്കിയത്**

2002 ജൂൺ നാലിന് ഹിമാചൽപ്രദേശ് സർക്കാർ ജലവൈദ്യുത പദ്ധതിക്ക് വെഞ്ചർ എനർജി ആന്റ് ടെക്നോളജി പ്രൈ.ലി. എന്ന കമ്പനിക്ക് അനുമതി നൽകി. ആ പദ്ധതി നടപ്പാക്കുന്നതിൽ കമ്പനി വീഴ്ച വരുത്തി. അവർ കാലാവധി നീട്ടിച്ചോദിച്ചു. അതിനിടെ 2002 ജൂൺ നാലിലെ കരാർ റദ്ദാക്കി പദ്ധതി എച്ച്പിഇബിയെക്കൊണ്ട് ചെയ്യിക്കാൻ സർക്കാർ തീരുമാനിച്ചു. എന്നാൽ ആ തീരുമാനം പുനഃപരിശോധിച്ച് പ്രസ്തു കമ്പനിക്കു തന്നെ ജോലികൊടുത്തു. 419/2013 ൽ വീണ്ടും വീർഭദ്ര സിംഗ് മുഖ്യമന്ത്രിയായപ്പോൾ മന്ത്രിസഭ പത്ത് മാസം കൂടി കമ്പനിക്ക് അധികസമയം നൽകി, പണം നൽകുന്നതിന് ചില പുതിയ വ്യവസ്ഥകളും വച്ചു.

പ്രസ്തുത കമ്പനിക്ക് അനുകൂലമായി മുഖ്യമന്ത്രി തീരുമാനമെടുത്തതായി സുവ്യക്തമാണ്. അതിന് പ്രത്യുപകാരമായി കമ്പനി ചിലതു ചെയ്തുവെന്ന് രേഖകൾ കാണിക്കുന്നു.

- 17/10/2012 ൽ നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പ് വീർഭദ്രസിംഗ് സമർപ്പിച്ച ബാധ്യതാ-സ്വത്ത് സത്യവാങ്മൂലത്തിൽ ഈ കമ്പനിയെക്കുറിച്ചോ അവർ പണം കൊടുത്തതിനെക്കുറിച്ചോ പറയുന്നില്ല.
- വീർഭദ്രസിംഗ് രാജിവച്ച മാണ്ഡി പാർലമെന്റ് മണ്ഡലത്തിൽ ഭാര്യ പ്രതിഭാസിംഗ് മത്സരിച്ചപ്പോൾ 30/5/2013 ൽ അവർ സത്യവാങ്മൂലം സമർപ്പിച്ചു. അതിൽ പറയുന്നുണ്ട് പ്രതിഭക്ക് ഒന്നരക്കോടി രൂപയും വീർഭദ്രസിംഗിന് 2.40 കോടിയും ഈ കമ്പനി വായ്പയായി നൽകിയെന്ന്. താൻ സഹായിച്ച ഒരു കമ്പനിയിൽനിന്ന് ഒരു മുഖ്യമന്ത്രിക്ക് വായ്പയെടുക്കാൻ പറ്റുമോ?
- അക്കാലത്തെ ബാങ്ക് രേഖകൾ കാണിക്കുന്നത് മുഖ്യമന്ത്രിക്കും കുടുംബത്തിനും അക്കൗണ്ടിൽ ധാരാളം പണം മിച്ചമുണ്ടായിരുന്നുവെന്നാണ്. അതായത്, അവർക്ക് വായ്പ ആവശ്യമില്ലായിരുന്നു.
- പത്തുമാസത്തെ അധിക കാലാവധി കിട്ടിയതിന് കമ്പനി 58.19 ലക്ഷം രൂപ സർക്കാരിന് കൊടുക്കേണ്ടതുണ്ടായിരുന്നു. പക്ഷേ ഇതുവരെ കൊടുത്തിട്ടില്ല.
- കമ്പനിയും ഉടമയായ വാകമുള്ള ചന്ദ്രശേഖറും വൻ കടത്തിലാണ്. അവർ കടത്തിൽ മുങ്ങി നിൽക്കെ എങ്ങനെ വായ്പ കൊടുത്തുവെന്നത് വ്യക്തമല്ല.
- വാകമുള്ള ചന്ദ്രശേഖറിന്റെ മറ്റൊരു കമ്പനിയായ താരിണി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് കമ്പനി രജിസ്ട്രാർക്ക് മുന്നിൽ ഫയൽ ചെയ്ത രേഖകൾ പ്രകാരം, 29.9.2012 ലെ കണക്ക് അനുസരിച്ച് വീർഭദ്ര സിംഗിന്റെ ഭാര്യ പ്രതിഭാ സിംഗിനും മകൻ വിക്രമാദിത്യ സിംഗിനും മകൾ അപരാജിത കുമാരിക്കും 3,40,000 വീതം ഇക്വിറ്റി ഓഹരി ഈ കമ്പനിയിൽ ഉള്ളതായി പറയുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ ഒഎസ്ഡി അമിത്പാൽ സിംഗിന് 10,000 ഓഹരിയും മേൽപ്പറഞ്ഞ കമ്പനിയിലുണ്ട്.
- രേഖകൾ കാണിക്കുന്നത് മുഖ്യമന്ത്രിക്ക് വായ്പ നൽകിയ ഒരു സ്വകാര്യ കമ്പനിക്ക് അനുകൂലമായി അദ്ദേഹം നിന്നുവെന്നതാണ്. കൂടാതെ അതേ കമ്പനിയുടെ മറ്റൊരു കമ്പനിയിൽ മുഖ്യമന്ത്രിയുടെ ഭാര്യയും രണ്ടുമക്കളും ഓഹരി പങ്കാളികളാണ്. സഹായത്തിന്റെ പാരസ്പര്യത്തിന് ഇതിൽ കൂടുതൽ തെളിവുവേണ്ട.

• ഈ വസ്തുതകളെല്ലാം ഓരോരോ കേസായി പരിഗണിച്ചാലും ആകെ കണക്കിലാക്കിയാലും അഴിമതി വിരുദ്ധ ചട്ടപ്രകാരവും സാമ്പത്തിക കുറ്റങ്ങളുടെ കാര്യത്തിലും ഗുരുതരമായ തെറ്റുകളാണ്.

ഈ കേസുകൾ അടിയന്തരമായി സിബിഐയും ഇൻകം ടാക്സ് അധികൃതരും അന്വേഷിക്കേണ്ടവയാണ്. ഇക്കാര്യത്തിൽ പരിശോധന നടത്തി യുക്തമായ നടപടി കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

എന്ന്<br>
വിശ്വസ്തതയോടെ,<br>
(ഒപ്പ്)<br>
അരുൺ ജെയ്റ്റ്ലി

**ഡോ. മൻമോഹൻ സിംഗ്**<br>
**പ്രധാനമന്ത്രി**<br>
**ന്യൂദൽഹി**